'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. കെ.എം. സരസ്വതിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1440/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/07/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 19.09.2014-ലെ ഇ11(എസ്.സി.20/2014/ഡബ്ല്യൂവൈഡി) 13345/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 20.11.2014-ലെ 12173/ഡി1/2014/വിജി.(i) നമ്പർ കത്ത്

3 സർക്കാരിന്റെ 07.05.2015-ലെ 79095/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. കെ.എം. സരസ്വതി സമർപ്പിച്ച 09.07.2015-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 26.06.2018-ലെ ഡി11-9916/2015 നമ്പർ കത്ത്

6 സ.ഉ.(സാധാ) നം.2443/2018/തസ്വഭവ തീയതി 17.09.2018

7 കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.11.2018-ലെ എ6-11902/18 നമ്പർ കത്ത്

## ഉത്തരവ്

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് 2009-10 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ബി.ആർ.ജി.എഫ്. പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്കായി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻ സ് & ആന്റി കറപ് ഷൻ ബ്യൂറോ, നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർ ശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. അന്വേഷണത്തിൽ 2009-10 വർഷത്തിൽ മന്മദൻപാളി കോളനിയിൽ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിയ 4 പേർക്കുള്ള ഭവനപദ്ധതിയിൽ, 2 വീട്ടുകൾ പണി പൂർത്തീകരിക്കാതെയും ഒരെണ്ണം പ്രവൃത്തി ആരംഭിക്കാത്തതായി കണ്ടെത്തുകയും, പൂർത്തീകരിക്കാത്തവയിൽ ഒരെണ്ണം ലിന്റൽ സ്റ്റേജ് വരെ പൂർത്തായാക്കിയതായും ഇതരവീട് റൂഫ് ലെവലിൽ എത്തിയിട്ടുള്ളതും എന്നാൽ വാതിലുകളും ജനലുകളും ഇല്ലായെന്നും, ഭാഗീകമായി പണിതീർത്ത രണ്ട് വീട്ടുകൾക്കും പണി തീർത്തതായി കണക്കാക്കി മുഴുവൻ തുകയും, പ്രവർത്തി ആരംഭിക്കാത്ത വീടിന് ഒരു ലക്ഷം രൂപയും നൽകിയതായും, കൂടാതെ പണി പൂർത്തിയാക്കാത്തതും പ്രവർത്തി ആരംഭിക്കാത്തതുമായ വീട്ടുകൾക്ക് സ്റ്റേജ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. കെ.എം. സരസ്വതിയ്ക്ക് പരാമർശം (3) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കൂടാതെ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയതു പ്രകാരം പഞ്ചായത്തിന് ആകെ നഷ്ടമായ 1,87,500/- രൂപയുടെ ഒരു വിഹിതമായ 46,875/- രൂപ ശ്രീമതി.

കെ.എം. സരസ്വതിയിൽ നിന്നും ഇടാക്കുവാനും നിർദ്ദേശം നൽകിയിരുന്നു. കുറ്റപത്രത്തിന് ശ്രീമതി. കെ.എം. സരസ്വതി പരാമർശം ( 4 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ശ്രീമതി. പുന്നാടത്തിയുടെ വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ശ്രീ. സുരേഷ്, ശ്രീമതി. ബിന്ദു എന്നിവരുടെ വീട്ടുകളുടെ സ്റ്റേജിനനുസരിച്ച മാത്രമേ തുക അനുവദിച്ചിട്ടുള്ളുവെന്നും, പണം മുൻകൂറായി കൈയ്യിൽനിന്നും ചെലവഴിച്ച് വീട്ടുപണി പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം അഡ്വാൻസായി അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. സുരേഷ്, ശ്രീമതി. ബിന്ദു എന്നിവർക്ക് തുക അനുവദിച്ചതെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്. ശ്രീമതി. കെ.എം. സരസ്വതി സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീമതി. കെ.എം. സരസ്വതിയ്ക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചതിനാൽ ശ്രീമതി. കെ.എം. സരസ്വതിയ്ക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. മീനാകുമാരി അമ്മയെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് പരാമർശം ( 6 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട് .

കുറ്റാരോപണ മെമ്മോക്ക് അടിസ്ഥാനമായ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കളായ ശ്രീ. സുമേഷ്, ശ്രീമതി. ബിന്ദു എന്നിവർക്ക് ഒന്നാംഗഡു 25,000/- വീതവും, രണ്ടും, മൂന്നും ഗഡുക്കളായി 31,500/- വീതവും നൽകുന്നതിന് സ്റ്റേജ് സർട്ടിഫിക്കറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ തറ, മേൽക്കൂര എന്നിവ പൂർത്തീകരിച്ചതായി മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്യും, പ്രവർത്തി പൂർത്തീകരിച്ചതായും, അർഹമായ തുക അനുവദിക്കാവുന്നതാണെന്നും ഓവർസീയർ സാക്ഷ്യപെടുത്തിയിട്ടുമുണ്ടെന്നും ഇവർക്ക് നാലാം ഗഡു അനുവദിച്ചതിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഫയലിൽ ലഭ്യമായിരുന്നില്ലെന്നും ഇവർക്ക് വീടിന്റെ ഭിത്തി, മേൽക്കൂര എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും, ഇതിൽ പ്രവർത്തി പൂർത്തീകരിച്ചതായി മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്യുകയും പണി പൂർത്തീകരിച്ച തുക അനുവദിക്കുന്നതിന് ഓവർസീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും, എന്നാൽ ശ്രീ. സുരേഷ്, ശ്രീമതി. ബിന്ദു എന്നീ ഗുണഭോക്താക്കൾക്ക് അനുവദിച്ച ഭിത്തി നിർമ്മാണം വരെയുള്ള സ്റ്റേജ് സർട്ടിഫിക്കറ്റുകളിൽ പ്രവർത്തി പൂർത്തീകരിച്ചതായി മോണിറ്ററിങ് കമ്മിറ്റയുടെ ശുപാർശ രേഖപ്പെടുത്തിയിട്ടുണ്ടെന്നും തുടർന്ന് ഓവർസീയർ അനുവദിച്ച സാക്ഷ്യപത്രത്തിൽ 'അനുവദിച്ച വീടിന്റെ ഭിത്തി പണി ടിയാന്റെ കൈവശമുള്ള സ്ഥലത്ത് താഴെ പറയും പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്' എന്ന് രേഖപ്പെടുത്തി താഴെ 'ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ സാധനങ്ങൾ ശേഖരിച്ചിട്ടുണ്ട്' എന്നാണ് സാക്ഷ്യപെടുത്തിയിരിക്കുന്നതെന്നും, ഈ സാക്ഷ്യപെടുത്തലുകൾ പൊരുത്തപ്പെടുന്നില്ലെങ്കിലും പിന്നീട് മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചതായി സ്റ്റേജ് സർട്ടിഫിക്കറ്റുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും ഔപചാരിക അന്വേഷണ വേളയിൽ പരാമർശിക്കപ്പെട്ട മൂന്ന് വീട്ടുകളും നേരിൽ പരിശോധിക്കുകയുണ്ടായിയെന്നും മൂന്നു വീട്ടുകളുടെയും നിർമ്മാണം നടന്നതായി കാണാൻ കഴിഞ്ഞുവെന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയും, ഓവർസീയറുടെ സ്റ്റേജ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലുമാണ് തുക അനുവദിച്ചതെന്ന ശ്രീമതി. കെ.എം. സരസ്വതിയുടെ വാദം പരിഗണനാർഹമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാരിച്ച ഉത്തരവാദിത്വത്തിനിടയിൽ സമൂഹത്തിന്റെ താഴെത്തട്ടിൽപ്പെട്ട ടി ഗുണഭോക്താക്കൾക്ക് സർക്കാർ സഹായം കാലതാമസമില്ലാതെ എത്തിക്കുന്നതിന് പ്രസ്തുത സ്റ്റേജ് റിപ്പൊർട്ടുകൾ അടിസ്ഥാനമാക്കിയത് സദുദ്ദേശപരമായാണെന്ന് അനുമാനിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെക്രട്ടറിയുടെ ഭാരിച്ച

ഉത്തരവാദിത്വത്തിനിടയിൽ സമൂഹത്തിന്റെ താഴെത്തട്ടിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സർക്കാർ സഹായം കാലതാമസമില്ലാതെ എത്തിക്കുന്നതിന് പ്രസ്തുത സ്റ്റേജ് റിപ്പോർട്ടുകൾ അടിസ്ഥാനമാക്കിയത് സദുദ്ദേശപരമാണെന്ന ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശ പരിഗണിച്ചും ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയതായി ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുമുള്ള സാഹചര്യത്തിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. കെ.എം. സരസ്വതിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. കെ.എം. സരസ്വതി, മുൻ സെക്രട്ടറി, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

6.ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7.വിജിലൻസ് വകുപ്പ്(യു.ഒ റിമാർക്സ് നം.വിജി.ഡി1/66/2017/വിജി. തീയതി 07.05.2019 പ്രകാരം)

8.വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9.കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/23/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Sudheer. S.

സെക്ഷൻ ഓഫീസർ